**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3566** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഗവേഷണ പ്രബന്ധത്തിലെ പിഴവുകൾ കണ്ടെത്താൻ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ഗവേഷണ പ്രബന്ധത്തിൽ പിഴവുകൾ ഉണ്ടെന്നും പ്രബന്ധത്തിലെ ചില ഭാഗങ്ങൾ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്ന് പകർത്തിയതാണെന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചാൻസലർ കേരള സർവകലാശാല വൈസ് ചാൻസലറോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ചാൻസലർ കത്തുമുഖേന റിപ്പോർട്ട് തേടിയിട്ടുണ്ട്. |
| (ബി) | യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ഗവേഷണ പ്രബന്ധത്തിന് എതിരായി ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ പ്രബന്ധം പരിശോധിക്കുന്നതിന് സർവകലാശാല വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത സമിതി പരിശോധിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രബന്ധം പരിശോധിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടില്ല. |
| (സി) | പ്രബന്ധത്തിൽ പിഴവുകൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ഗൈഡ് ആയി പ്രവർത്തിച്ച അദ്ധ്യാപകനോട് സർവകലാശാല വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്മേൽ അദ്ധ്യാപകന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഗൈഡായി പ്രവർത്തിച്ച അദ്ധ്യാപകനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതിൻമേൽ ടി അദ്ധ്യാപകന്റെ മറുപടി ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർവകലാശാല പരിശോധിച്ചു വരികയാണ്. |
| (ഡി) | പ്രബന്ധത്തിൽ പിഴവുകൾ ഉൾപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ പി.എച്ച്.ഡി. റദ്ദാക്കുന്നതിനും ഗൈഡ് ആയി പ്രവർത്തിച്ച അദ്ധ്യാപകനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | (സി)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ